**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- വിധവാ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും വിവാഹം/പുനർ വിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങളിൽ 60 വയസ്സും അതിനു മുകളിലും പ്രായമുള്ള ഗുണഭോക്താക്കൾക്ക് ഇളവ് അനുവദിച്ച് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം.251/2019/ധന. തീയതി, തിരുവനന്തപുരം, 03/07/2019

---

പരാമർശം :- 1) 31/01/2019 ലെ സ.ഉ(എം എസ്)നം. 59/2019/ധന നമ്പർ സർക്കാർ ഉത്തരവ്
2) 15/02/2019 ലെ സ.ഉ(എം എസ്)നം. 88/2019/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

അവിവാഹിത പെൻഷൻ / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ സമർപ്പിക്കാത്ത വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ , പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞ് വയ്ക്കേണ്ടതാണ് എന്നും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതുമാണെന്നും പരാമർശം 1 ഉം 2 ഉം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, 60 വയസ്സ കഴിഞ്ഞ ഗുണഭോക്താക്കളെ ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്നും ഒഴിവാക്കണമെന്ന നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അവിവാഹിത പെൻഷൻ / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ് എന്ന നിബന്ധനയിൽ 60 വയസ്സും അതിനു മുകളിലും പ്രായമുള്ള ഗുണഭോക്താക്കൾക്ക് ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. പരാമർശം 1 ഉം 2 ഉം സർക്കാർ ഉത്തരവുകളിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല.

3. പരാമർശം 1 ലേയും 2 ലേയും സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി ( ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( www.finance.kerala.gov.in)

ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.